**കേരള സർക്കാർ**

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**<u>സർക്കുലർ</u>**

**നം. 35/2024/ധന** **തീയതി, തിരുവനന്തപുരം 12.06.2024**

വിഷയം: ധനകാര്യ വകുപ്പ് - ഫണ്ട് റിലീസ്/തുക അനുവദിച്ചു കൊണ്ടുള്ള ഉത്തരവുകൾ/ നടപടിക്രമങ്ങൾ എന്നിവയിൽ തുക അനുവദിക്കുന്നതിന്റെ ആവശ്യകതയും, ചിലവിനം വ്യക്തമാക്കുന്ന കണക്ക് ശീർഷകവും, മറ്റ് വിവരങ്ങളും രേഖപ്പെടുത്തുന്നതിനുള്ള കർശന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന : 11.09.2023 ലെ ധനകാര്യ പരിശോധന (എൻ.റ്റി-കെ) വകുപ്പിന്റെ ഐ.ഡബ്ല്യു-കെ2/18/2022-ധന നമ്പർ അനൗദ്യോഗിക കുറിപ്പ്.

വിവിധ പദ്ധതി/പദ്ധതിയേതര ഇനങ്ങളിൽ സർക്കാർ വകുപ്പുകൾ/സ്ഥാപനങ്ങൾ എന്നിവ തുക അനുവദിച്ചു നല്കുന്ന സാഹചര്യങ്ങളിൽ, സുതാര്യതയും കൃത്യതയും ഉറപ്പു വരുത്തുന്നതിനായി, ഇലക്ട്രോണിക് സംവിധാനത്തിലൂടെയും അല്ലാതെയും ട്രഷറികളിൽ സമർപ്പിക്കപ്പെടുന്ന ബില്ലുകൾക്കൊപ്പം സമർപ്പിക്കേണ്ടതും ഓഫീസ് മേധാവി/ബന്ധപ്പെട്ട അധികാരികൾ പുറപ്പെടുവിക്കുന്നതുമായ ഉത്തരവുകളിൽ/നടപടിക്രമങ്ങളിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ട വിശദാംശങ്ങൾ സംബന്ധിച്ച് ചുവടെ ചേർത്തിരിക്കും പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഫണ്ട് റിലീസ്/തുക അനുവദിച്ച് കൊണ്ടുള്ള ഉത്തരവുകളിൽ/നടപടിക്രമങ്ങളിൽ തുക അനുവദിക്കുന്ന ശീർഷകം, തുക അനുവദിക്കുന്നതിന്റെ ആവശ്യകത, തുക പിൻവലിച്ച് ഗുണഭോക്താവിനു നല്കുന്ന ഡി.ഡി.ഒ-യുടെ വിശദാംശങ്ങൾ, തുക ലഭിക്കുന്ന ഗുണഭോക്താവ്/ഗുണഭോക്താക്കളുടെ പേര്, അക്കൗണ്ട് നമ്പർ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.
2. തുക അനുവദിച്ചുകൊണ്ടുള്ള ഉത്തരവുകളിൽ/നടപടിക്രമങ്ങളിൽ മേൽ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് ഫണ്ട് റിലീസ്/തുക അനുവദിക്കുന്ന ഉദ്യോഗസ്ഥർ കർശനമായും ഉറപ്പു വരുത്തേണ്ടതാണ്.
3. മേൽ വിശദാംശങ്ങൾ പ്രസ്തുത റിലീസ് ഉത്തരവിന്റെ/നടപടിക്രമത്തിന്റെ അടിസ്ഥാനത്തിലുള്ള ബിൽ/ചെക്ക് പാസ്സാക്കുന്ന വേളയിൽ ബന്ധപ്പെട്ട ട്രഷറി ഉദ്യോഗസ്ഥർ ഉറപ്പു വരുത്തേണ്ടതാണ്.
4. ഇനി മുതൽ ഇലക്ട്രോണിക് സംവിധാനത്തിലൂടെയും അല്ലാതെയും ട്രഷറികളിൽ സമർപ്പിക്കപ്പെടുന്ന ബില്ലുകൾക്കും ചെക്കുകൾക്കുമൊപ്പം സമർപ്പിച്ചിട്ടുള്ള

ഉത്തരവുകളിൽ/നടപടിക്രമങ്ങളിൽ തുക പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട ആവശ്യം, ബന്ധപ്പെട്ട കണക്ക് ശീർഷകം, ഡി.ഡി.ഒ/ട്രഷറി അക്കൗണ്ട് ഉടമ, ഗുണഭോക്താവ്/ഗുണഭോക്താക്കളുടെ വിവരങ്ങൾ എന്നിവ വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ലാത്തവ അപാകതയായിക്കണ്ട് ആയത് തിരുത്തൽ വരുത്തി പുതുക്കിയ ഉത്തരവ്/നടപടിക്രമം പുറപ്പെടുവിക്കാനുള്ള നിർദ്ദേശം ബന്ധപ്പെട്ട ഡി.ഡി.ഒ/ട്രഷറി അക്കൗണ്ട് ഉടമകളെ അറിയിക്കേണ്ടതാണ്. ട്രഷറി ഡയറക്ടർ ഇത് സംബന്ധിച്ച നിർദ്ദേശം സംസ്ഥാനത്തെ എല്ലാ ട്രഷറി ഓഫീസർമാർക്കും അടിയന്തരമായി നൽകേണ്ടതാണ്.

**സുരേഷ് കുമാർ ഒ. ബി**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്:

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II), കേരള, തിരുവനന്തപുരം.
3. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
4. എല്ലാ ഭരണ വകുപ്പുകൾക്കും [ഇ-ഓഫീസ് നോട്ടീസ് ബോർഡ് മുഖേന]
5. എല്ലാ വകുപ്പ് മേധാവികൾക്കും [ഭരണ വകുപ്പ് മുഖേന]
6. ധനകാര്യ വകുപ്പിലെ എല്ലാ വിംഗുകൾക്കും [ഇ-ഓഫീസ് നോട്ടീസ് ബോർഡ് മുഖേന]
7. നോഡൽ ഓഫീസർ, www.finance.kerala.gov.in
8. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി [ഇ 2656276 എസ്.എൽ 3/107/2023-ധന]

ഉത്തരവിൻ പ്രകാരം,

Hepi A

അക്കൗണ്ട്സ് ഓഫീസർ